അവധി നൽകാൻ സ്വാദ്ധ്യമല്ലെന്നും കേരള ഗവൺമെന്റിൽ നിന്ന് ഇതു സംബന്ധിച്ച് യാതൊരു ശുപാർശയും കേന്ദ്ര സർക്കാരിന് ലഭിച്ചിട്ടില്ലെന്നും ആണ് കഴിഞ്ഞ ഒരു ദിവസം പാർലമെന്റിൽ കേന്ദ്ര മന്ത്രി പ്രസ്താവിച്ചത്. ജാതിഭേദവും മതദ്വേഷവുമില്ലാതെ മനുഷ്യരെല്ലാം സോദരത്വേന വാഴുന്ന മാതൃകാ ലോകത്തിനുവേണ്ടി ആയുസ്സും വപുസ്സും അർപ്പിച്ച കർമ്മയോഗി യായ ശ്രീനാരായണ ഗുരുദേവന്റെ പാവനമായ നാമധേയത്തിലുമുള്ള അവഹേ ളനം പൊറുക്കാൻ സാധിക്കുകയില്ല. കേരള ജനതയുടേയും ലോകത്ത് എവിടെ യുമുള്ള ഗുരുഭക്തൻമാരുടെയും വികാരത്തെ വ്രണപ്പെടുത്തരുതെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ശ്രീനാരായണ ജയന്തി ഒഴിവു ദിവസമായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. അതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നു കിട്ടിയിട്ടുള്ള മറുപടി ഏതെങ്കിലും ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നങ്ങൾക്കു ഇന്ന് അവധി പ്രഖ്യാപിക്കുക യാണെങ്കിൽ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ആവശ്യങ്ങൾ മുന്നോട്ടുവരും അതുകൊണ്ട് പൊതു ഒഴിവാക്കി ഇൻഡ്യയൊട്ടുക്ക് പ്രഖ്യാപി ക്കുന്നതിനു പകരം കേരളത്തിൻ അവധി കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താമെന്നാണ്. അതിനെ നിയന്ത്രിത അവധി ദിവസങ്ങളുടെ പട്ടിക യിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനായി കേന്ദ്ര ഗവൺമെന്റ് നിയോ ഗിച്ചിട്ടുള്ള കമ്മിറ്റിക്ക് കാലാകാലങ്ങളിൽ തീരുമാനമെടുക്കാനുള്ള അവകാശ മുണ്ട്. ആ നിലയിൽ കമ്മിറ്റി അത് എടുക്കുമെന്ന് പറയുകയും അതു പ്രകാരം ആ കമ്മിറ്റി ഈ സംസ്ഥാനത്ത് ശ്രീനാരായണ ജയന്തി ഒഴിവു ദിവസ മായി പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കിയിട്ടുമുള്ള വിവരം ഞാൻ ബഹു മാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഞാൻ പറഞ്ഞ ആ വർഷവും മുടക്കമായിരുന്നു. ആ മുടക്കം ഇൻഡ്യാഗവൺമെന്റ് ഇൻഡ്യയൊട്ടുക്ക് പ്രഖ്യാപിച്ചില്ലെങ്കിലും സംസ്ഥാനത്തെ സംബന്ധിച്ചിട ത്തോളം ആവശ്യമനുസരിച്ച് മുടക്കായി പ്രഖ്യാപിക്കുകയും മുടക്ക് നടപ്പിലാ ക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് 1983 സെപ്റ്റംബർ മാസം 29-ാം തീയതി ജി. ഒ. 86719/എ1/83/ജി. എ. ഡി. യിൽ നിന്ന് മുഖ്യമന്ത്രി എന്ന നിലയിൽ ഞാൻ പ്രധാനമന്ത്രിക്ക് എഴുതിയിട്ടുണ്ട്; ആഭ്യന്തര വകുപ്പു മന്ത്രിക്കും എഴുതിയിട്ടുണ്ട്. അവരിൽ നിന്ന് മറുപടിയും കിട്ടിയിട്ടുണ്ട്. അതിന് നടപടി നടത്തിയിട്ടില്ലെന്ന് പാർലമെന്റിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ഇതിനെപ്പറ്റി പാർലമെന്റംഗങ്ങളുമായി തിരുത്തൽ ചെയ്യുന്നതിനുള്ള നടപടി കളും സ്വീകരിക്കാം. ഞാൻ എഴുത്ത് എഴുതിയതിന് ഇങ്ങനെ മറുപടിയും കിട്ടിയിട്ടുണ്ട്. ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ ധാരണ പ്രചരിപ്പി ക്കാൻ ആരാണ് കാരണമായതെന്ന് എനിക്ക് അറിഞ്ഞുകൂടാ ? ഏതായാലും ശരി ശ്രീനാരായണഗുരു ജയന്തി ഇവിടെ മുടക്കമാണ്. അത് സ്ഥിരമായി അഖി ലേന്ത്യാടിസ്ഥാനത്തിൽ മുടക്കമാക്കണമെന്നുള്ള ആവശ്യം വീണ്ടും ഈ ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ട്.

2. കേരളത്തിൽ അനുവദിച്ച എൻ. ഐ. എസ്.-ന്റെ റീജിയണൽ സെന്റർ

ശ്രീ. കെ. സി. ജോസഫ് : സർ, ഈ സംസ്ഥാനത്തിന്റെ കായിക മേഖല യുടെ വളർച്ചയ്ക്ക് സമഗ്രമായ പല പദ്ധതികളും ഗവൺമെന്റ് പ്രഖ്യാപി ച്ചിട്ടുള്ള ഈ സാഹചര്യത്തിൽ കേരളത്തിന് ലഭിക്കേണ്ടിയിരുന്ന റീജിയണൽ

LIBRARY ARCHIVES Kerala Legislative Assembly

കോച്ചിംഗ് സെന്ററും, എൻ. ഐ. എസ്. ആന്റ് റീജിയണൽ സെന്ററും നഷ്ടപ്പെടുമെന്നുള്ള വാർത്ത വീണ്ടും പത്രങ്ങളിൽ വന്നിട്ടുണ്ട്. നേരത്തെ എൻ. ഐ. എസ്.-ന്റെ ഒരു റീജിയണൽ സെന്റർ കണ്ണൂരിൽ ആരംഭിക്കുമെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കായിക പരിശീലനത്തിൽ ഫലപ്രദമായ നടപടികളും സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും കേരളത്തിന് മാത്രമല്ല, ഇൻഡ്യയ്ക്കുപോലും അഭിമാനിക്കാൻ സാധിക്കുമെന്ന് തെളിഞ്ഞിട്ടുള്ള ഒരു സാഹചര്യമാണിന്നുള്ളത്; സോം ഏഷ്യാഡ് വിളിച്ചറിയിക്കുന്നത് പ്രൈമറി ഘട്ടം മുതൽ വളരെ വിദഗ്ധമായ പരിശീലനം കൊടുക്കുകയാണെങ്കിൽ നമുക്ക് വളരെ മെച്ചപ്പെട്ട നേട്ടമുണ്ടാക്കാൻ സാധിക്കുമെന്നാണ്. ആ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സജീവമായി ശ്രദ്ധിച്ച് എൻ. ഐ. എസ്.-ന്റെ റീജിയണൽ സെന്റർ കേരളത്തിന് ലഭിക്കുന്നതിനും കോച്ചിംഗ് സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും വേണ്ട നടപടികളും സ്വീകരിക്കണം. ആ ശാഖ കണ്ണൂരിൽ സ്ഥാപിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനം വകുപ്പുമന്ത്രി (ശ്രീ: കെ. പി. നൂറുദ്ദീൻ) : സർ, എൻ. ഐ. എസ്.-ന്റെ ഒരു ശാഖ കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി രണ്ട് പദ്ധതി ഇൻഡ്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആ അവസരത്തിൽ ബാംഗ്ലൂരിൽ ഒരെണ്ണം സ്ഥാപിച്ചുപോയി. അതുകൊണ്ട് കേരളത്തിൽ ഇന്ന് സ്ഥാപിക്കാൻ സാദ്ധ്യമല്ലെന്നുള്ള സമീപനമാണ് മുൻപ് എടുത്തിരുന്നത്. എന്നാൽ ഈയിടെ നമ്മൾ ഉന്നയിച്ച ആവശ്യത്തെത്തുടർന്ന് ഇന്നത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കാം കേരളത്തിൽ ഒരു ട്രെയിനിംഗ് സെന്റർ അനുവദിക്കാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. അതിനാവശ്യമായ 50 ഏക്കർ സ്ഥലവും അതുപോലെ സ്റ്റേറ്റാന്റെ വിഹിതമായ ഒരു കോടി രൂപയും സ്വരൂപിക്കാനും അവർ നിർദ്ദേശിച്ചിട്ടുണ്ട്. അതിന് ഈയിടെ ക്യാബിനറ്റ് അംഗീകാരം നൽകുകയും കേരളത്തിൽ അത് ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിൽ ഇതിനു വേണ്ടി മൂന്ന് സ്ഥലങ്ങളും ജില്ലാ കളക്ടർ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. അവിടെനിന്നുള്ള വിദഗ്ധൻമാർ വന്ന് പരിശോധിച്ചതിനുശേഷം അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അയിരിക്കും തീരുമാനം എടുക്കാൻ പോകുന്നത്. ഈ സെന്റർ കേരളത്തിന് നഷ്ടപ്പെടുകയില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

3. വട്ടവട പഞ്ചായത്തിലെ റോഡിന്റെ പണി

ശ്രീ. ജി. വരദൻ : സർ, നമ്മുടെ പൊതുമരാമത്ത് വകുപ്പ് മന്ത്രി അവർകൾ ദയവു ചെയ്ത് ഞാൻ പറയുന്നത് ശ്രദ്ധിക്കണം. വട്ടവട പഞ്ചായത്തിൽ റോഡ് ഇല്ലാത്ത കാരണത്താൽ അവിടുള്ള ജനങ്ങൾ കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിന് വോട്ട് ചെയ്യാൻ പോലും അവർക്ക് റേഷൻ വാങ്ങാൻ പോലും സാധിച്ചിട്ടില്ല. രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ കഴിയുന്നില്ല. ഇവിടെ ഡോക്ടർ കൊടുത്തിട്ട് 6 മാസങ്ങൾ ആയിട്ടുണ്ട്. ഈ ഡോക്ടർ എടുത്തവർ ഗവൺമെന്റിനോട് പണമില്ലെന്ന് പറഞ്ഞ് ജോലി ചെയ്യുന്നില്ല. ഈ റോഡിന്റെ പണി ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly